"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- വിനോദസഞ്ചാര വകുപ്പിന് വേണ്ടി പുതിയ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി സൊല്യൂഷൻ പ്രൊവൈഡറെ (ICT Solution Provider) തെരഞ്ഞെടുക്കുന്നതിന് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.162/2024/TSM തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- 1. 09.06.2021 ലെ സ.ഉ(സാധാ)നം 156/2021/ടിഎസ്എം നമ്പർ ഉത്തരവ്.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 12.02.2024-ലെ DOT/205/2024-RS(1) നമ്പർ കത്ത്.

**ഉത്തരവ്**

വിനോദസഞ്ചാര വകുപ്പിന്റെ ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി സൊല്യൂഷൻ പ്രൊവൈഡറായി, ഇൻവീസ് മൾട്ടിമീഡിയ പ്രൈവറ്റ് ലിമിറ്റഡിനെ മൂന്ന് വർഷത്തേക്ക് ചുമതലപ്പെടുത്തുന്നതിന് പരാമർശം (1) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു.

**2.** മേൽ ഏജൻസിയുടെ കരാർ കാലാവധി 13.06.2024 ൽ അവസാനിക്കുന്നതിനാൽ പുതിയ ICT സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്ന നടപടിക്രമം പൂർത്തിയാകുന്നതുവരെ നിലവിലുള്ള ഏജൻസിയുടെ കരാർ കാലാവധി നീട്ടി നൽകുന്നതിനും; പുതിയ ഏജൻസിയെ തെരെഞ്ഞെടുക്കുന്നതിന് യോഗ്യതയുള്ള, അനുയോജ്യരായ ICT സൊല്യൂഷൻ പ്രൊവൈഡർമാരിൽ നിന്നും റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ക്ഷണിക്കുന്നതിനും; ലഭ്യമാകുന്ന RFP പ്രോപ്പോസലുകൾ വിലയിരുത്തുന്നതിനായി വിദഗ്ധ സമിതികൾ രൂപീകരിക്കുന്നതിനും അനുമതി നൽകണമെന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

പുതിയ ICT സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ നിലവിലുള്ള ഐസിടി സൊല്യൂഷൻ പ്രൊവൈഡറുടെ (M/s Invis Multimedia Pvt Ltd) കരാർ കാലാവധി 13/06/2024 തീയതി മുതൽ പരമാവധി മൂന്ന് മാസത്തേക്ക് നീട്ടി നൽകുന്നതിനും, പുതിയ ICT സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്നതിന് യോഗ്യതയുള്ള, അനുയോജ്യരായവരിൽ നിന്ന് റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) ക്ഷണിക്കുന്നതിനും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി

നൽകി ഉത്തരവാകുന്നു. 13/06/2024 തീയതി മുതൽ മൂന്നു മാസത്തേയ്ക്ക്, M/s Invis Multimedia Pvt Ltd- ന് നീട്ടി നൽകിയിട്ടുള്ള കരാർ കാലാവധിയ്ക്കുള്ളിൽ , പുതിയ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ത്വരിതപ്പെടുത്തേണ്ടതാണ്. റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിൽ നിന്ന് പ്രത്യേകം അംഗീകാരവും വാങ്ങേണ്ടതാണ്.

4. ഇതിനു പുറമേ ലഭ്യമാകുന്ന അപേക്ഷകൾ വിലയിരുത്തുന്നതിനായി ചുവടെപ്പറയും പ്രകാരം കമ്മിറ്റികൾ രൂപീകരിച്ചും ഉത്തരവാകുന്നു.

**(എ) ബിഡ്ഡർമാരുടെ പ്രീക്വാളിഫിക്കേഷനും ഷോർട്ട് ലിസ്റ്റിംഗിനുമുള്ള വകുപ്പ് തല കമ്മിറ്റി**

1) ഡയറക്ടർ , ടൂറിസം വകുപ്പ് - ചെയർമാൻ
2) അഡീഷണൽ ഡയറക്ടർ (ജനറൽ), ടൂറിസം ഡയറക്ടറേറ്റ് - കൺവീനർ
3) ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിംഗ്), ടൂറിസം ഡയറക്ടറേറ്റ് - അംഗം
4) റിസർച്ച് ഓഫീസർ, ടൂറിസം ഡയറക്ടറേറ്റ്- അംഗം

**(ബി) ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന യോഗ്യതയുള്ള ബിഡ്ഡർമാരിൽ നിന്ന് ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും വിലയിരുത്തി പുതിയ ICT സൊല്യൂഷൻ പ്രൊവൈഡറെ അന്തിമമായി തെരഞ്ഞെടുക്കുന്നതിനുള്ള ഉന്നതതല സാങ്കേതിക കമ്മിറ്റി.**

1) സെക്രട്ടറി, ടൂറിസം വകുപ്പ് - ചെയർപേഴ്സൺ
2) ഡയറക്ടർ, ടൂറിസം വകുപ്പ് - കൺവീനർ
3) അഡീഷണൽ സെക്രട്ടറി, ടൂറിസം വകുപ്പ്- അംഗം
4) ഡയറക്ടർ, ഐ.ടി. മിഷൻ - അംഗം
5) അഡീഷണൽ ഡയറക്ടർ (ജനറൽ), ടൂറിസം ഡയറക്ടറേറ്റ് - അംഗം
6) ഡയറക്ടർ, സാങ്കേതിക സർവകലാശാല- അംഗം
7) ഡയറക്ടർ, സാങ്കേതിക ദൂരദർശൻ കേന്ദ്രം - അംഗം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
കമ്മിറ്റി അംഗങ്ങൾക്ക് ( വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / II), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉത്തരവിൻ പ്രകാരം

Signed by Archana T
Date: 16-03-2024 16:13:23
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-

വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എ. യ്ക്ക്

വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്